## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 656 — 02.12.2014 ൽ മറുപടിയ്ക്ക്

## പാറമടകളുടെ ഖനനാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | വെള്ളരിക്കുണ്ട്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ഖനനാനുമതി ഉള്ള പാറമടകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 01/04/2014 മുതൽ 26/11/2014 വരെയുള്ള കാലയളവിൽ വെള്ളരിക്കുണ്ട്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ഖനനാനുമതി നൽകിയ പാറമടകളുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | അനുമതിക്ക് വിരുദ്ധമായി പ്രവർത്തിച്ച പാറമടകൾക്കെതിരെ മൈനിംഗ് & ജിയോളജി വകുപ്പ് എടുത്ത നടപടികൾ വിശദമാക്കാമോ; | (ബി) | അനുമതിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽപ്പെട്ടാൽ ഖനന പ്രവർത്തനം നിർത്തിവയ്പിക്കുകയും 1967ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഹോസ്ദുർഗ്ഗ് താലൂക്കിൽ അനുമതിക്ക് വിരുദ്ധമായി പ്രവർത്തിച്ച നാല് ക്വാറികളിൽ നിന്നും 63,000/- രൂപയും വെള്ളരിക്കുണ്ട് താലൂക്കിൽ അപ്രകാരം പ്രവർത്തിച്ച രണ്ട് ക്വാറികളിൽനിന്നും 12,000/- രൂപയും പിഴ ഈടാക്കിയിട്ടുണ്ട്. |
| (സി) | അനുവാദത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ സ്ഥലങ്ങളിൽ ആണ് എന്നും വിശദമാക്കാമോ? | (സി) | കരിങ്കൽ ഖനനാനുമതിക്കായി ഹോസ്ദുർഗ്ഗ് താലൂക്കിൽ മൊത്തം 22 അപേക്ഷകൾ 01/04/2014 മുതൽ 26/11/2014 വരെയുള്ള കാലയളവിൽ ലഭിച്ചിരുന്നു. 16 ഖനന അപേക്ഷകൾ അനുവദിച്ചു. ശേഷിക്കുന്ന അപേക്ഷകൾ 6 എണ്ണമാണ്. വെള്ളരിക്കുണ്ട് താലൂക്കിൽ ഇതേ കാലയളവിൽ 22 ഖനനാപേക്ഷകൾ ലഭിച്ചതിൽ, 13 എണ്ണം അനുവദിച്ചു. ശേഷിക്കുന്നത് 9 എണ്ണമാണ്. അനുവദിച്ചവയുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നിലും ശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടിലും ചേർത്തിരിക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**